മുൻനിർത്തി എല്ലാ ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസുകളിലും സർവ്വേ ഭവനം കേന്ദ്രീകരിച്ച് മോഡേൺ സർവ്വേ റിക്കോർഡ് റൂമുകൾ നിർമ്മിക്കുന്ന പദ്ധതി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നടപ്പാക്കിവരുന്നു. ഇതിൽ സ്ഥല ലഭ്യതയുള്ള 10 ജില്ലകളിൽ കോംപാക്ടറുകൾ സ്ഥാപിച്ച് സിവിൽ ജോലി പുരോഗതിയിലുമാണ്. എറണാകുളം ജില്ലയിലെ 7 താലൂക്ക് ഓഫീസുകളിലും റവന്യൂ ഡിവിഷൻ ഓഫീസുകളിലും റിക്കോർഡ് സംരക്ഷണത്തിനായി കേരളാ ലാൻറ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം മോഡേൺ റിക്കോർഡ് റൂം സ്ഥാപിക്കുന്ന ജോലി പുരോഗതിയിലാണ്.

(സി) ജില്ലാതലങ്ങളിലെ റിക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റിക്കോർഡ് റൂമുകൾ ഓരോ ജില്ലയിൽ 1 വീതവും സർവ്വേ ഭവനിലും സ്ഥാപിക്കുന്നതിനുള്ള അനുമതി 2012-13-ലെ ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിനായി G.O.(Rt.)No. 6071/2013/ RD ഉത്തരവ് പ്രകാരം 4,85,31,900 രൂപ അനുവദിക്കുകയും ടി ഇനത്തിൽ ഉപയോഗിച്ച് ടി പദ്ധതി നടപ്പാക്കിവരുകയും ചെയ്യുന്നു. 2012-13 വർഷത്തിൽ കൂടിയ എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം സർവ്വേ ഭവൻ കേന്ദ്രീകരിച്ച് ഇ-രേഖ പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റിക്കോർഡ് സൂക്ഷിക്കുന്നതിന് റിക്കോർഡ് റൂം സ്ഥാപിക്കുകയും ആയതിലേക്കായി 1 കോടി രൂപ അനുവദിക്കുകയും ടി ഇനത്തിൽ ഉപയോഗിച്ച് ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസുകളിലും ഒരു റവന്യൂ ഡിവിഷൻ ഓഫീസിലും മോഡേൺ റിക്കോർഡ് റൂം സ്ഥാപിക്കുന്നതിനായി G.O.(Rt.)1379/2015/RD നമ്പർ ഉത്തരവ് പ്രകാരം 2,41,70,360 രൂപ അനുവദിക്കുകയും ടി ഇനത്തിൽ ഉപയോഗിച്ച് റിക്കോർഡ് റൂമിന്റെ ജോലി നടന്നുവരികയും ചെയ്യുന്നു.

ദേശീയപാത വികസനം

29(*269) ശ്രീ. എളമരം കരീം :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻ.എച്ച്-17, എൻ.എച്ച്-47 എന്നീ ദേശീയ പാതകളുടെ വികസനപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പാതകളുടെ വികസന പ്രവർത്തനങ്ങളിൽനിന്നും പിന്മാറിയ നാഷണൽ ഹൈവേ അതോറിറ്റി വീണ്ടും സഹകരിക്കാൻ തയ്യാറായിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥകൾ മുന്നോട്ടുവച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയപാത വികസനത്തിന് പ്രത്യേക ഉപസമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഈ സമിതിയുടെ ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ;

(ഡി) റോഡ് വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ സ്ഥലമുടമകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ ; ഇതിനാവശ്യമായ ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച്. 17-ഉം എൻ.എച്ച്. 47-ഉം നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. ഫേയ്സ് 2,3,4-ൽ ആണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ ഫേയ്സ് 2&3-ൽ ഉൾപ്പെടുത്തിയിരുന്ന എൻ.എച്ച്. 47-ന്റെ (പുതിയ എൻ.എച്ച്. 544) വാളയാർ മുതൽ വടക്കഞ്ചേരി (കി.മീ. 182.250 മുതൽ 240.00) വരെയുള്ള 57.75 കി.മീ. ഭാഗത്തിന്റെ നാലുവരിപ്പാത നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ തൃശ്ശൂർ (കി.മീ. 240.00 മുതൽ 270.00) വരെയുള്ള 30 കി.മീ. ഭാഗത്തിന്റെ 6 വരിപ്പാതാ നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. തൃശ്ശൂർ മുതൽ അങ്കമാലി (കി.മീ. 270.00 മുതൽ 316.700) വരെ 46.70 കി.മീ. ദൂരവും അങ്കമാലി മുതൽ ഇടപ്പള്ളി വരെ (കി.മീ. 316.700 മുതൽ 342.00) 25.3 കി. മീ. ദൂരവും നാലുവരിപ്പാതാ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (പുതിയ എൻ.എച്ച്. 66) ചേർത്തല മുതൽ കഴക്കൂട്ടം വരെയും (പുതിയ എൻ.എച്ച്. 66) ഉള്ള ദേശീയ പാതാ വികസനത്തിന്റെ സ്ഥലം ഏറ്റെടുപ്പു നടപടികളിലുണ്ടായ കാലതാമസം കാരണം ദേശീയപാതാ വികസന അതോറിറ്റി ഈ പാതയുടെ വികസന പദ്ധതിയിൽനിന്നും പിൻമാറുകയുണ്ടായി. ദേശീയപാതാ വികസനത്തിനായി 45 മീറ്റർ വീതിയിൽ സ്ഥലം അടിയന്തരമായി ഏറ്റെടുത്ത് ദേശീയപാതാ വികസന അതോറിറ്റിക്ക് കൈമാറാം എന്ന സംസ്ഥാന സർക്കാരിന്റെ ഉറപ്പിന്റേയും നിരന്തരമായ അഭ്യർത്ഥനയുടേയും അടിസ്ഥാനത്തിൽ കേന്ദ്ര മന്ത്രാലയം ഈ പദ്ധതി പുനരാരംഭിക്കുവാൻ ദേശീയപാതാ വികസന അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വികസനത്തിനുവേണ്ട പുതിയ ഡി.പി.ആർ. തയ്യാറാക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ടെണ്ടർ വിളിച്ചിട്ടുണ്ട്.

(സി) സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിലേക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ അതായത് ആരാധനാലയങ്ങൾ, സാമൂഹിക, സാംസ്കാരിക പ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് അലൈൻമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ദേശീയപാതയുടെ അലൈൻമെന്റിലെ ഓരോ പ്രദേശങ്ങളിൽനിന്നുള്ള മേൽപ്പറഞ്ഞ തരത്തിലുള്ള പരാതികൾ ബന്ധപ്പെട്ട ജില്ലാ ഭരണകൂടം പരിശോധിച്ചുവരുന്നു.

(ഡി) ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഇപ്പോൾ നഷ്ടപരിഹാരം കണക്കാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പുതിയ സ്ഥലമേറ്റെടുക്കൽ നിയമപ്രകാരമാണ്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആന്റ് റീ-സെറ്റിൽമെന്റ് പാക്കേജിലെ (15-11-2011-ലെ സ.ഉ.(കൈ) നമ്പർ 419/11/റവ.) വ്യവസ്ഥകൾ കൂടി പരിഗണിച്ച് പദ്ധതി ബാധിതർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പുവരുത്തുന്ന രീതിയിൽ വില നിശ്ചയിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുത്തു നൽകിയാൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ടും കേന്ദ്ര സർക്കാർ ലഭ്യമാക്കുന്നതാണ്.

ആധുനിക രീതിയിൽ റോഡുകളിലെ കുഴിയടയ്ക്കുന്നതിന് കർമ്മപദ്ധതി

30(*270) ശ്രീ. എം. എ. വാഹീദ് :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക രീതിയിൽ റോഡുകളിലെ കുഴിയടയ്ക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) ആധുനിക രീതിയിൽ പോട്ട് ഹോൾ ഫില്ലിംഗ് മെഷീൻ ഉപയോഗിച്ച് റോഡുകളിലുണ്ടാകുന്ന കുഴികൾ സമയബന്ധിതമായി അടയ്ക്കുവാനും, റോഡുകളിൽ ടാർ ചൂടാക്കുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും, പോട്ട് ഹോൾ ഫില്ലിംഗ് പണികൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന ട്രാഫിക് ബ്ലോക്കുകൾ കുറയ്ക്കുവാനും അറ്റകുറ്റപ്പണികളുടെ ഈട് കൂട്ടുവാനുമാണ് ടി പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly